19179
25/10/19

കേരള സർക്കാർ

**"ഭരണഭാഷ – മാതൃഭാഷ"**

**പാ.കാ.വ–ബി2/139/2019–പാ.കാ.വ**

**പാർലമെന്ററികാര്യ (ബി) വകുപ്പ്**

തിരുവനന്തപുരം

തീയതി : 21/10/2019

## സർക്കുലർ

വിഷയം : പാർലമെന്ററി കാര്യ വകുപ്പ് - സ്ത്രീകളുടെയും ട്രാൻസ്ജെന്ററുകളുടെയും കുട്ടികളുടെയും ഭിന്നശേഷിക്കാരുടെയും ക്ഷേമം സംബന്ധിച്ച സമിതി (2016-19) യുടെ എട്ടാമത് റിപ്പോർട്ട് - പൊതുശിപാർശകളിന്മേൽ നിർദ്ദേശം പുറപ്പെടുവിക്കുന്നത് - സംബന്ധിച്ച്.

സൂചന : നിയമസഭാ സെക്രട്ടറിയുടെ 06/09/2019 തീയതിയിലെ 21150/ഡബ്ല്യു.സി. & പി.എച്ച്.എ 3/2019–നി.സെ നമ്പർ കത്ത്.

------

സ്ത്രീകളുടെയും ട്രാൻസ്ജെന്ററുകളുടെയും കുട്ടികളുടെയും ഭിന്നശേഷിക്കാരുടെയും ക്ഷേമം സംബന്ധിച്ച സമിതി (2016-19) യുടെ എട്ടാമത് റിപ്പോർട്ടിലെ പൊതുവായ ശിപാർശകളുടെ അടിസ്ഥാനത്തിൽ പുറപ്പെടുവിക്കുന്ന താഴെപ്പറയുന്ന നിർദ്ദേശങ്ങൾ സെക്രട്ടേറിയറ്റിലെ നിയമം, ധനകാര്യം ഉൾപ്പെടെയുള്ള എല്ലാ വകുപ്പുകളും കർശനമായും പാലിക്കേണ്ടതാണ്.

1. കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങൾ അനുസരിച്ച് സമിതിക്ക് ലഭിക്കുന്ന പരാതികളിന്മേൽ രണ്ടു മാസത്തിനകവും അടിയന്തര സ്വഭാവമുള്ള ഹർജികളിന്മേൽ 15 ദിവസത്തിനകവും റിപ്പോർട്ട് നിയമസഭയ്ക്ക് ലഭ്യമാക്കേണ്ടതുണ്ട്. എന്നാൽ ആയത് കൃത്യമായും പാലിക്കപ്പെടുന്നില്ലെന്ന് സമിതി അതൃപ്തി രേഖപ്പെടുത്തിയിരിക്കുന്ന സാഹചര്യത്തിൽ, സമിതിക്ക് ലഭിക്കുന്ന പരാതികളിന്മേൽ സമയബന്ധിതമായും നീതിയുക്തമായും റിപ്പോർട്ട് ലഭ്യമാക്കുന്ന കാര്യത്തിൽ എല്ലാ സർക്കാർ വകുപ്പുകളും കാര്യക്ഷമമായി പ്രവർത്തിക്കേണ്ടതും ഉന്നതോദ്യോഗസ്ഥർ ഇക്കാര്യത്തിൽ പ്രത്യേക ശ്രദ്ധ പുലർത്തേണ്ടതും സമിതിക്ക് റിപ്പോർട്ട് നൽകുന്നതിലെ കാലതാമസം ഒഴിവാക്കേണ്ടതുമാണ്.

2. സമിതിയുടെ തെളിവെടുപ്പ് യോഗങ്ങളിൽ പരിഗണിക്കുന്ന ഹർജി വിഷയങ്ങൾ സംബന്ധിച്ച വിവരങ്ങൾ തെളിവെടുപ്പിന് 15 ദിവസം മുമ്പായി ബന്ധപ്പെട്ട വകുപ്പുകളെ/ വകുപ്പുമേധാവികളെ അറിയിക്കാറുണ്ടെങ്കിലും ഇത് സംബന്ധിച്ച അറിയിപ്പ് വളരെ വൈകി മാത്രമാണ് ബന്ധപ്പെട്ട വകുപ്പുകൾ ജില്ലാതല ഉദ്യോഗസ്ഥർക്ക് നൽകുന്നതെന്നതിനാൽ ജില്ലാതല ഉദ്യോഗസ്ഥർക്ക് ഹർജി വിഷയം സംബന്ധിച്ച് കൃത്യമായ വിവരങ്ങളോ, വിശദീകരണങ്ങളോ സമിതി മുൻപാകെ നൽകുവാൻ കഴിയാതെ വരുന്നുവെന്നത് സമിതിയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടെന്നറിയിച്ചിരിക്കുന്ന സാഹചര്യത്തിൽ സമിതിയുടെ ജില്ലാതല സന്ദർശനയോഗങ്ങളിൽ പരിഗണനാവിഷയങ്ങൾ സംബന്ധിച്ച് വ്യക്തമായ വിവരങ്ങൾ ഉൾപ്പെടെ ജില്ലാതല

(.....2)

ഉദ്യോഗസ്ഥർക്ക് സമയബന്ധിതമായി അറിയിപ്പ് നൽകേണ്ടതും സമിതി ആവശ്യപ്പെടുന്ന വിവരങ്ങളിന്മേലുള്ള കൃത്യമായ റിപ്പോർട്ട് നേരത്തേതന്നെ ലഭ്യമാക്കേണ്ടതുമാണ്. ഓരോ വകുപ്പും അതത് വകുപ്പിന്റെ ഭരണ നിയന്ത്രണത്തിലുള്ള സ്ഥാപന/വകുപ്പ് മേധാവികൾക്ക് സമിതി നിർദ്ദേശം പാലിക്കുന്നതിനായി കർശന നിർദ്ദേശം നൽകേണ്ടതാണ്.

3. സമിതിയുടെ തെളിവെടുപ്പ് വേളയിൽ ജില്ലാതല ഉദ്യോഗസ്ഥർ നൽകുന്ന റിപ്പോർട്ടുകൾ ഗവൺമെന്റ് തലത്തിൽ പരിശോധിച്ച് രണ്ടാഴ്ചയ്ക്കുള്ളിൽ റിപ്പോർട്ട് സമിതിക്ക് ലഭ്യമാക്കുവാൻ വേണ്ട നടപടികൾ എല്ലാ വകുപ്പുകളും സ്വീകരിക്കേണ്ടതാണ്.

**ടോം ജോസ് IAS**
ചീഫ് സെക്രട്ടറി

എല്ലാ അഡീഷണൽ ചീഫ് സെക്രട്ടറിമാർക്കും / പ്രിൻസിപ്പൽ സെക്രട്ടറിമാർക്കും/
സെക്രട്ടറിമാർക്കും / സ്പെഷ്യൽ സെക്രട്ടറിമാർക്കും
സെക്രട്ടേറിയറ്റിലെ നിയമം, ധനകാര്യം ഉൾപ്പെടെയുള്ള എല്ലാ വകുപ്പുകൾക്കും
വെബ് ആന്റ് ന്യൂ മീഡിയ (ഗവൺമെന്റ് വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)
കരുതൽ ഫയൽ / ഓഫീസ് പകർപ്പ്

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ